'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ വെളിയാമറ്റം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണമടഞ്ഞ ബെന്നി എ.ആർ.ന്റെ മകനും ആശ്രിതനുമായ ശ്രീ. അഖിൽ ബെന്നിക്ക് ഇടുക്കി ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(കൈ) നം.6/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 03/01/2020

---

പരാമർശം:- 1 സ.ഉ. (പി) നം. 12/99/പി&എ ആർ.ഡി തീയതി. 24.5.1999.

2 സ.ഉ.(കൈ) നം.5/2018/ഉഭപവ തീയതി 21.02.2018

3 ശ്രീ. അഖിൽ ബെന്നി സമർപ്പിച്ച 20.06.2018ലെ അപേക്ഷ

4 പഞ്ചായത്ത് ഡയറക്ടറുടെ 14.11.2018-ലെ PAN/24536/2018-E14(DP)നമ്പർ കത്ത്

5 ഇടുക്കി ജില്ലാ കളക്ടറുടെ 29.07.2019-ലെ DCIDK/5205/2019/A8നമ്പർ കത്ത്

<u>ഉത്തരവ്</u>

ഇടുക്കി ജില്ലയിലെ വെളിയാമറ്റം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ബെന്നി എ.ആർ.ന്റെ മകനും ആശ്രിതനുമായ ശ്രീ. അഖിൽ ബെന്നി, സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ നിയമപരമായ അനന്തരാവകാശികൾക്കായുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു.

2. ഇടുക്കി ജില്ലയിലെ വെളിയാമറ്റം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ 26.01.2017-ലാണ് ബെന്നി എ.ആർ. നിര്യാതനാവുന്നത്. സേവന സാക്ഷ്യപത്രം പ്രകാരം ബെന്നി എ.ആർ. 30 വർഷം സർവ്വീസ് പൂർത്തീകരിച്ചിട്ടുണ്ട്. അപേക്ഷകന്റെ ജനനതീയതി 01.03.1996 ആണ്. നിലവിൽ അപേക്ഷകന് 2 3 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷകൻ പ്ലസ് 2 പാസ്സായതാണ്. ശ്രീ. അഖിൽ ബെന്നി, ഇടുക്കി ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് നിയമനത്തിനായിട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷകൻ നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ അമ്മ, ഭാര്യ, രണ്ട് ആൺ മക്കൾ

(അപേക്ഷകൻ ഉൾപ്പടെ) എന്നിവർ ഉൾപ്പെടുന്ന നാല് അനന്തരാവകാശികളാണ് പരേതനുള്ളത്. പരേതന്റെ മറ്റ് അവകാശികൾ ആരുംതന്നെ ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. അപേക്ഷകനായ ശ്രീ. അഖിൽ ബെന്നിക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് സമ്മതമാണെന്ന് പരേതന്റെ അമ്മയും, ഭാര്യയും, മകനും സമ്മതപത്രം നൽകിയിട്ടുണ്ട്. ടിയാൻ ഉൾപ്പെടുന്ന കുടുംബത്തിന്റെ വാർഷിക വരുമാനം 7,15,524/- രൂപയാണെന്ന് തൊടുപുഴ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആശ്രിത നിയമനത്തിനായി ശ്രീ. അഖിൽ ബെന്നി സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടറും, ഇടുക്കി ജില്ലാ കളക്ടറും ശുപാർശ ചെയ്തിട്ടുണ്ട്. പരാമർ ശം (2) ഉത്തരവ് പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെയും അനുബന്ധ ഉത്തരവുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി ഇടുക്കി ജില്ലയിലെ വെളിയാമറ്റം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരിക്കെ മരണപ്പെട്ട ബെന്നി എ.ആർ.ന്റെ മകനും ആശ്രിതനുമായ ശ്രീ. അഖിൽ ബെന്നിക്ക് ഇടുക്കി ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ, ആദ്യം ഉണ്ടാകുന്നതോ ആയ ക്ലാർക്ക് തസ്തികയിൽ സീനിയോറിറ്റി പ്രകാരം നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരേതനായ ബെന്നി എ.ആർ.ന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ളിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. അപേക്ഷകനെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്.

5. അപേക്ഷകൻ സമർപ്പിച്ച അപേക്ഷയിലോ, ഇത് സംബന്ധിച്ച് സർക്കാർ നടത്തിയ അന്വേഷണത്തിലോ, തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ശ്രീ. അഖിൽ ബെന്നിക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ബി
ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീ. അഖിൽ ബെന്നി, അന്തിക്കാട്ട് ഹൗസ്, തൊടുപുഴ പി.ഒ, തൊടുപുഴ, ഇടുക്കി-685 584
(രജിസ്റ്റേർഡ് തപാൽ മുഖാന്തിരം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (അപേക്ഷയും അനുബന്ധങ്ങളും സഹിതം)
3. ജില്ലാ കളക്ടർ, ഇടുക്കി

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ